(സി) അവയ്ക്കെല്ലാംകൂടി എത്ര രൂപ ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കുന്നംകോണം, ചാത്തൻപറ, ചിറ്റാഴിക്കോട്, ഡീസന്റ് മുക്ക്, മരുതിക്കുന്ന്, വെട്ടയറ, കിഴക്കനേല, ഇടപ്പറ, തലവിള എന്നീ ഹരിജൻ കോളനികളിൽ ഹാൻറ് പമ്പോടുകൂടി സ്ഥാപിച്ചിട്ടുള്ള ബോർവെല്ലിൽ നിന്നും ശുദ്ധജല വിതരണം നടത്തുന്നുണ്ട്.

(ബി) ടാപ്പുകൾ നൽകിയിട്ടില്ല.

(സി) 2.70 ലക്ഷം രൂപ.

മുദാക്കൽ പഞ്ചായത്തിലെ ഹരിജൻ കോളനികളിലെ ശുദ്ധജലവിതരണം

1408 [2130] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ അസംബ്ലി നിയോജക മണ്ഡലത്തിൽപ്പെട്ട മുദാക്കൽ പഞ്ചായത്തിലെ ഹരിജൻ കോളനികളിൽ ശുദ്ധജലവിതരണം ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) അവിടെ എത്ര പുതിയ ടാപ്പുകൾ നൽകിയിട്ടുണ്ട് ;

(സി) അവയ്ക്കെല്ലാം കൂടി എത്ര രൂപ ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പൂവണത്തുമൂട്, ആറാംകോണം, ഇളംപ എന്നീ ഹരിജൻ കോളനികളിൽ ഹാൻറ് പമ്പോടുകൂടി സ്ഥാപിച്ചിട്ടുള്ള ബോർവെല്ലിൽ നിന്നും ശുദ്ധജലവിതരണം നടത്തുന്നുണ്ട്.

(ബി) പുതിയ ടാപ്പുകൾ നൽകിയിട്ടില്ല.

(സി) ഏകദേശം 90,000 രൂപ ചെലവായിട്ടുണ്ട്.

പള്ളിക്കൽ പഞ്ചായത്തിലെ ഹരിജൻ കോളനികളിലെ ശുദ്ധജലവിതരണം

1409 [2131] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ അസംബ്ലി നിയോജക മണ്ഡലത്തിൽപ്പെട്ട പള്ളിക്കൽ പഞ്ചായത്തിലെ ഏതെല്ലാം ഹരിജൻ കോളനികളിൽ ശുദ്ധജലം വിതരണം ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly